കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അടാട്ട് ഗ്രാമപഞ്ചായത്ത്

2015-16

# ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.3)1929/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ- 680 020

ഇ-മെയിൽ -dotsr.ksad@kerala.gov.in

ഫോൺ: 0487 2331249

തീയതി: 29.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

അടാട്ട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അടാട്ട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-12 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-2 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(പി.3)1929/2016 തിയ്യതി: 29.11.2016

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 31.07.2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 08.08.2016ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 12.02.2016 മുതൽ 30.09.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും മാർച്ച് മാസത്തെ വിവിധ അക്കൗണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| 09.03.2016 മുതൽ 31.03.2016 വരെ | 8374 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ

തീരുമാനം എന്നിവയുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | | ശ്രീ.ചേക്കുട്ടി.കെ.യു, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | | 21.10.2016 മുതൽ 27.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |
| ക്രമ നം. | പേര് | ഉദ്യോഗപ്പേര് |
| 1 | ശ്രീ.വി.ജി. തുളസീദാസ് | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീമതി.ഹണി.കെ.എസ് | അസി. ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.മോഹനൻ പി.വി | അസി. ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീമതി.ഫെമിന.എ.എ | ഓഡിറ്റർ |
| 5 | ശ്രീമതി.സുമ വി.കെ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ടി ജയലക്ഷ്മി | 01.04.2015 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീ. വി.ഒ. ചുമ്മാർ | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. വി. ഭാസുരാംഗൻ | 01.04.2015മുതൽ 22.07.2015 വരെ |
| | ശ്രീ.എൻ.പി.തോമാസ് | 23.07.2015മുതൽ 13.01.2016 വരെ |
| | ശ്രീ.ഷാജ്ജ.സി.കെ (അസി.സെക്രട്ടറി, അഡീഷണൽ ചാർജ്ജ്) | 14.01.2016 |
| | ശ്രീ. ലിൻസ് ഡേവീഡ് വി | 15.01.2016മുതൽ 31.03.2016 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ.ഷാജു സി.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി.ചിത്ര എൻ.ബി | 01.04.2015 മുതൽ 02.06.2015 വരെ |
| | ശ്രീമതി.രശ്മി കെ.ആർ | 03.06.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | പി.സി. സത്യവർമ്മ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സുമൻ കാർത്തിക് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.എം.ജി.ശ്യാമള | 01.04.2015 മുതൽ 10.02.2016 വരെ |
| | ഡോ.നീലകണ്ഠൻ | 11.02.2016 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രവീൺ.ബി.വിശ്വം | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സി.ബി. അജിത്കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷീജ പി.ജെ | 01.04.2015 മുതൽ 18.09.2015 |

| | | |
|---|---|---|
| | | വരെ |
| | ശ്രീമതി.ഷേർളി ഇ.ജെ | 19.09.2015 മുതൽ 15.01.2016 വരെ |
| | ശ്രീമതി.സുചിത്ര സി.കെ | 16.01.2016 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.നന്ദിനി ടി | 01.04.2015 മുതൽ 11.08.2015 വരെ |
| | ശ്രീമതി.സുഷമ സി.വി | 12.08.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ലൗലി വർഗ്ഗീസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ (പുഴക്കൽ സർക്കിൾ) | ശ്രീമതി.രശ്മി ആർ നായർ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ (ചിറ്റിലപ്പിള്ളി സർക്കിൾ) | ശ്രീ.ബൈജു വി.ജെ | 01.04.2015 മുതൽ 31.03.2016 വരെ |

## ഉള്ളടക്കം

ഭാഗം 1

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ | 1(3) |

| | | |
|---|---|---|
| | വിവരം. | |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കെട്ടിടങ്ങൾ വാടകക്ക് നല്കുന്നത്-അപാകതകൾ | 2-1 |
| 2 | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക്/ വ്യാപാരങ്ങൾക്ക് ഡി & ഒ ലൈസൻസ് ഇല്ല. | 2-2 |
| 3 | തൊഴിൽനികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല | 2-3 |
| 4 | ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ- കുറവ് | 2-4 |
| 5 | പെർമിറ്റിനു പകരം NOC നല്കി | 2-5 |
| 6 | വസ്തു നികുതി നിർണ്ണയം - അപാകതകൾ | 2-6 |
| 7 | വസ്തു നികുതി - അപാകതകൾ | 2-7 |

| | | |
|---|---|---|
| 8 | പഞ്ചായത്ത് പരസ്യ നികുതി ഈടാക്കുന്നില്ല | 2-8 |
| 9 | വരവിനങ്ങളുടെ പിരിവ് പുരോഗതി - വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല. | 2-9 |
| 10 | വിനോദ നികുതി അപാകതകൾ | 2-10 |
| 11 | ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും - താരതമ്യം-ബജറ്റ് തയ്യാറാക്കുന്നതിൽ സ്ഥാപനത്തിന്റെ കാര്യക്ഷമത | 2-11 |
| 12 | അനധികൃതനിർമ്മാണങ്ങൾ -- നടപടികൾ സ്വീകരിച്ചിട്ടില്ല. | 2-12 |

ഭാഗം-III

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം-മാർഗ്ഗരേഖ പാലിച്ചില്ല | 3-1 |
| 2 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. | 3-2 |
| 3 | പദ്ധതി നടത്തിപ്പ് കൂടുതൽ അന്വേഷണം ആവശ്യമാണ്. | 3-3 |
| 4 | അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-4 |
| 5 | സെക്രട്ടറി നിർവ്വഹിച്ച പദ്ധതികളിലെ അപാകതകൾ | 3-5 |
| 6 | ജൈവ മാലിന്യം വളമാക്കി മാറ്റി വില്പന നടത്തുന്നത്-മാതൃകാപരം | 3-6 |
| 7 | വൃദ്ധജനപരിപാലനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-7 |
| 8 | വാഹനപരിപാലനം- അപാകതകൾ | 3-8 |

| | | |
|---|---|---|
| 9 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായില്ല. തുക തടസ്സപ്പെടുത്തുന്നു | 3-9 |
| 10 | മെഡിക്കൽ ഓഫീസർ (അലോപ്പതി)PHC നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ | 3-10 |
| 11 | ആശ്രയ പദ്ധതി -അവലോകനം | 3-11 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | പുതുക്കിയത് |
|---|---|

| | |
|---|---|
| 07.03.2015 ലെ 15 (1) (15)-ാം നം തീരുമാനം | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 25.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
1. വസ്തു നികുതി പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
2. പഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|
| 17971750.90 | 53874080 | 71845830.90 | 58592063 | 13253767.90 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1616719 | 9409687 | 11026406 | 11026406 | 4895183 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 933372 | 6077000 | 7010372 | 7010372 | 583372 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 0 | 2000 | 2000 | 2000 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2593000 | 2593000 | 2593000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3369000 | 3369000 | 3369000 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 782000 | 4930062 | 5712062 | 5712062 | 844811 | 0 |
| ലോക ബാങ്ക് സഹായം | 3467000 | 0 | 3467000 | 3467000 | 3467000 | 0 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ തുക | നടപ്പിലാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 167 | 56540936 | 141 | 43305938 | 17 | 9 | 76.60 |

## 1-7 തനത് വരുമാനം.

തനത് വരുമാനത്തിൽ താഴെപറയും പ്രകാരം 42.59 % കുറവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 11260290 | 9946679 | 1313611 | 11.67 |
| നികുതിയേതര വരവുകൾ | 2394782 | 1774556 | 320226 | 25.9 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 7958467 | 686591 | 7271876 | 91.37 |
| ആകെ | 21613539 | 12407826 | 9205713 | 42.59% |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ | നിരസിച്ചവ | കാലതാമ സമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷക ത്തൊഴിലാളി പെൻഷൻ | 23 | 11 | 12 | കാലതാമസം ഇല്ല |
| 2 | തൊഴിൽ രഹിത വേതനം | 11 | | 11 | |
| 3 | വിധവാ പെൻഷൻ | 87 | 70 | 17 | |
| 4 | വികലാംഗ പെൻഷൻ | 20 | 16 | 4 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 23 | 13 | 10 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 422 | 328 | 94 | |

അപേക്ഷാരജിസ്റ്ററിൽ അന്വേഷണത്തിന് നൽകിയ തീയതി, തിരികെ ലഭിച്ച തീയതി എന്നിവ ചേർക്കുന്നില്ല. കമ്മറ്റി തീരുമാനം, തീയതി എന്നിവ ചേർത്ത് കാലികമാക്കിയിട്ടുണ്ട്.

## 1-9ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2014ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 24369/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ | ഓഡിറ്റ് | അവസാനം | അവസാന | അവസാന | ഗുരുതരമായ |
|---|---|---|---|---|---|

| നം | | ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ചത് | ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 15.10.2016 | 09/2016 | 07/2016 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 09/07/2014 | 2013-14 (review) | 2002-03 | ഇല്ല |

## 1-11 അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടങ്ങൾ വാടകക്ക് നല്കുന്നത്-അപാകതകൾ

1.പുഴക്കൽ ബോട്ടിംഗ് സ്റ്റേഷൻ വാടകയ്ക്ക് എടുത്തിരിക്കുന്ന എൻ്റയർ ബിൽഡേഴ്സ് & ഡവലപ്പേഴ്സ് എന്ന സ്ഥാപനം ഉപയോഗിക്കുന്ന ബോട്ടുകൾക്ക് ഫോം A യും, ഫോം D യും ലഭ്യമായിട്ടില്ല എന്നും, ബോട്ടുകൾക്ക് കൊടുങ്ങല്ലൂർ കനാൽ ഓഫീസിൽ നിന്നും ലൈസൻസ് ഇല്ല എന്നും, ബോട്ടിൽ ഫസ്റ്റ് എയ്ഡ് ബോക്സ്, ഫയർ എക്സ്റ്റിംഗ്വിഷർ, സാൻഡ് ബോക്സ്, ബക്കറ്റ് എന്നിവ ഉപയോഗിക്കുന്നില്ല എന്നും, ആയത് പരിഹരിച്ച് ഇറിഗേഷൻ എക്സി. എഞ്ചിനീയർക്ക് റിപ്പോർട്ട് നല്കണമെന്നും എക്സി. എഞ്ചിനീയർ (ഇറിഗേഷൻ) 22/10/09 ൽ അറിയിച്ചിരുന്നു. മേൽ പറഞ്ഞവ പാലിച്ചിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണ്.

2. മുതുവറ ഷോപ്പിംഗ് കോംപ്ലക്സിലെ ഒരു മുറി SC/ST ക്ഷേമത്തിനായി ഫോട്ടോസ്റ്റാറ്റ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് സൗജന്യമായി നല്കിയിരിക്കുന്നു. എന്നാൽ അംഗീകരിച്ച ബൈലോ വ്യവസ്ഥ 7 പ്രകാരം 10% മുറികൾ SC/ST വിഭാഗത്തിനായി മാറ്റി വെക്കണമെന്നും അത് അവർക്കിടയിൽ ലേലം ചെയ്ത് കൊടുക്കണമെന്നും വാടക, മുൻകൂർ വാടക എന്നിവ ഈടാക്കണമെന്നും പറയുന്നു. ആയതിനാൽ മുറി സൗജന്യമായി നല്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3.ചിറ്റിലപ്പിള്ളി ഷോപ്പിംഗ് കോംപ്ലക്സിലെ 5 മുറികൾ ശ്രീ.C.S.Sreenivasan, Bagavaathy Madom എന്നയാൾക്ക് വാടകയ്ക്ക് നല്കിയിട്ടുണ്ട്. ആയതിന് നാമമാത്രമായ വാടക മാത്രമാണ് ഈടാക്കുന്നത് (മുറി ഒന്നിന് 322/- രൂപ മാത്രം). നിലവിലുള്ള മാർക്കറ്റ് നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ ഇത് തുലോം കുറവാണ്. ആയതിനാൽ നിരക്കുകൾ

വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പുഴക്കൽ ഷോപ്പിംഗ് കോംപ്ലക്സിലെ ഒരു മുറി ഒഴിഞ്ഞ് കിടക്കുന്നുണ്ട്. ആയത് വാടകയ്ക്ക് നല്കാനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

5. വാടക രജിസ്റ്ററിൽ നിന്നും ആകെ എത്ര ഷോപ്പിംഗ് കോംപ്ലക്സുകളുണ്ടെന്നും അവയിൽ എത്ര മുറികൾ ഉണ്ടെന്നുമുള്ള വിവരം ലഭ്യമല്ല. വാടകയുടെ DCB പത്രിക മുറികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. എന്നാൽ മാത്രമേ വാടക കുടിശ്ശികയുടെ വിവരം കൃത്യമായി ലഭ്യമാവുകയുള്ളൂ.

## 2-2 വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക്/ വ്യാപാരങ്ങൾക്ക് ഡി & ഒ ലൈസൻസ് ഇല്ല.

2015-16 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം 32 റൂമുകൾ വാടകയ്ക്ക് നല്കിയിട്ടുണ്ട്. ഇതിൽ കെ.എസ്.ഇ.ബി ഒഴികെ 31 എണ്ണത്തിൽ 6 മുറികളിൽ പ്രവർത്തിക്കുന്നവയ്ക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് ഉള്ളത്. വാടക രജിസ്റ്ററിൽ പഞ്ചായത്ത് മുറികളിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല മേൽസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കുന്നില്ല. വാടക കെട്ടിടങ്ങളിൽ ഡി & ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരം നടപടി സ്വീകരിക്കേണ്ടതും സ്ഥാപനങ്ങളുടെ/ വ്യാപാരങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതും, തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 2-3 തൊഴിൽനികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയോ, വ്യാപാര സ്ഥാപനങ്ങൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത് . ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പഞ്ചായത്തിന് അറിയാൻ സാധിക്കുന്നില്ല, കൂടാതെ അവരിൽ നിന്നെല്ലാം ലഭ്യമാകുമായിരുന്ന നികുതി തുക നഷ്ടപ്പെടുകയും ചെയ്യുന്നു. വ്യാപാരസ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

## 2-4 ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ- കുറവ്

2015-16 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിന്മേൽ പെർമിറ്റ് ഫീസ് ചുവടെചേർക്കുന്ന പ്രകാരം കുറവാണ് ഈടാക്കിയുട്ടുള്ളത്. വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് 2011-ലെ കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ് പ്രകാരം വാണിജ്യാവശ്യങ്ങൾക്ക് പെർമിറ്റ് നൽകുന്നതിന് ഈടാക്കാവുന്ന ഫീസ് ചതുരശ്രുമീറ്ററിന് 5 രൂപയാണ്.

| പെർമിറ്റ് വിവരങ്ങൾ | ഉപയോഗത്തിന്റെ തരം | ആകെ തറ വിസ്തീർണ്ണം $M^2$ | ഈടാക്കിയ ഫീസ്(രൂപ) | ഈടാക്കേണ്ടത് | കുറവ് (രൂപ) |
|---|---|---|---|---|---|
| 2998/15/ 10.04.2015 മനോജ് മുതുവറ (ഹൗസ്) | വാണിജ്യം | 347 (111$M^2$ exis) 236 $M^2$ | 810, 1150611083/ 13.05.2015 | 1180 | 370 |
| 3173/15/ 17.04.2015 സിസ്റ്റർ അനില പാറശ്ശേരി | കോൺവെന്റ് കെട്ടിടം A2 | 387.06$M^2$ | 1119, 1150610095/ 07.05.2015 | 1953 | 816 |

കുറവു വന്ന തുക ഈടാക്കേണ്ടതാണ്.

## 2-5 പെർമിറ്റിനു പകരം NOC നല്കി

സർക്കാർ ഉത്തരവ് (എം.എസ്.)നം.10/2014 ത.സ്വ.ഭ.വ. തിയതി 10.01.2014 പ്രകാരം 10.01.2014 മുതൽ എല്ലാ നോൺ റെസിഡെൻഷ്യൽ കെട്ടിടങ്ങൾക്കും 100 $M^2$ നു മേൽ വിസ്തൃതിയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്കും നിർമ്മാണ പെർമിറ്റ് ആവശ്യമാണ്. 100 $M^2$ നു മേൽ വിസ്തൃതിയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് പെർമിറ്റ് നല്കണമെന്നതിന് 03.06.2015 ലെ ഉത്തരവ് പ്രകാരം സ്പഷ്ടീകരണം നല്കിയിട്ടുള്ളതുമാണ്. എന്നാൽ ഈ കാലയളവിനു ശേഷവും കെട്ടിട നിർമ്മാണാനുമതിയ്ക്കായി അപേക്ഷിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് NOC യാണ് അനുവദിച്ചിട്ടുള്ളത്. പെർമിറ്റ് ഫീസ് ഈടാക്കാത്തവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം | പേര് / മേൽ വിലാസം | വിസ്തൃതി M2 | ഈടാക്കേണ്ട പെർമിറ്റ് ഫീസ് |
|---|---|---|---|---|
| 1 | 28 | ബാബു പുലിക്കോട്ടിൽ | 147.98 | 444 |
| 2 | 32 | പ്രസാദ് & ശ്രീകൃപ | 132.25 | 397 |
| 3 | 35 | തോമസ്, കൊളത്തൂർ | 124.82 | 374 |
| 4 | 39 | കൃഷ്ണൻകുട്ടി, കുണ്ടനിക്കാട് | 134.52 | 404 |
| 5 | 41 | ഷാജി, പാണേങ്ങാട്, കളത്തുപടി | 106 | 318 |
| 6 | 48 | ജോർജ്ജ്, ചിറ്റിലപ്പിള്ളിക്കുന്നത്ത് | 110.65 | 332 |
| 7 | 48A | ഡേവിഡ്, ആളൂർ ഹൌസ് | 149 | 447 |
| 8 | 59 | നാരായണൻകുട്ടി, ചിറ്റിലപ്പിള്ളി | 129.67 | 389 |
| 9 | 69 | സുനിൽരാജ്, ചെറുംകുളങ്ങര | 125.59 | 377 |
| 10 | 71 | അംബുജാക്ഷമേനോൻ അമ്പാട്ട് | 119.79 | 359 |
| 11 | 72A | സന്ദീപ് പുലിക്കപ്പറമ്പിൽ | 129.07 | 387 |
| 12 | 80A | സുരേഷ് രാഘവൻ കൊളങ്ങര പറമ്പിൽ | 124.88 | 375 |
| 13 | 81A | ഷൈജു പൊട്ടയിൽ | 145.80 | 437 |
| 14 | 82 | ഉണ്ണികൃഷ്ണൻ, അമ്പാട്ട് | 102.78 | 308 |
| 15 | 86 | സുബ്രഹ്മണ്യൻ, ഈച്ചരത്ത് | 145.72 | 437 |
| 16 | 92 | ജിനോയ് ജോൺ, പുത്തിരി വീട് | 104.44 | 313 |
| 17 | 95 | രാജീവൻ, കണ്ടാംകുളത്തിൽ | 138.60 | 416 |
| 18 | 96A | സുമേഷ്, കുറുവത്ത് | 126.35 | 379 |
| ആകെ | | | | 6893 |

പെർമിറ്റ് ഇനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്.

## 2-6 വസ്തു നികുതി നിർണ്ണയം - അപാകതകൾ

1. വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 4ാം വാർഡിൽ 391/A5, 391/A6 എന്നീ കെട്ടിടങ്ങൾ ജോബി ജോർജ്ജ് ,നീലങ്കാവിൽ , ചിറ്റിലപ്പിള്ളി എന്നയാളുടെ ഉടമസ്ഥതയിലുള്ളതാണ്. 33.38 $M^2$ വീതം തറ വിസ്തീർണ്ണമുള്ള താമസാവശ്യത്തിനുള്ള മേൽ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് 358/15 തീയതി 1.12.15 പ്രകാരം ഒരു കുടുംബത്തിലെ സ്വന്തം താമസാവശ്യത്തിനായി ഉപയോഗിക്കുന്ന ഒരു കെട്ടിടത്തിന് മാത്രമായി ഈ ഇളവ് പരിമിതപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടത്തെ മാത്രം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി അപാകത പരിഹരിക്കേണ്ടതാണ്. 2015-16 മുതൽക്കുള്ള വസ്തു നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

2. താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ ന്യൂനത സംഭവിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച നിരക്കുകൾ പ്രകാരം 100 $M^2$ നുമേൽ വിസ്തൃതിയുള്ള വാണിജ്യകെട്ടിടങ്ങൾക്ക് വസ്തുനികുതി ഒരു ചതുരശ്രമീറ്ററിന് 60 രൂപയാണ്. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ചതുരശ്രമീറ്ററിന് 50 രൂപ വെച്ച് കണക്കാക്കി നികുതി നിർണ്ണയിച്ചിരിക്കുന്നു.

| കെട്ടിടനം | തറ വിസ്തീർണ്ണം | | കണക്കാക്കിയ വസ്തു നികുതി | യഥാർത്ഥ വസ്തു നികുതി | കുറവ് |
|---|---|---|---|---|---|
| 2/601A | 151.38M2 | വാണിജ്യം | 151.38x 50= 7569<br>വർദ്ധനവ് - 20%<br>ഇളവ് - 20%<br>ആകെ - 7569 | 151.38x60= 9082<br>വർദ്ധനവ് - 20%<br>ഇളവ് - 20%<br>ആകെ - 9082 | 1513 |
| 10/306D | 20.21M2 | വാണിജ്യം | 14.44x50= 722<br>വർദ്ധനവ് - 20%- 144.4 | 20.21x50= 1010<br>വർദ്ധനവ് | 345 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ - 867 | - 20%- 202<br>ആകെ -1212 | |
| ആകെ | | | | | 1858 |

വസ്തു നികുതി നിർണ്ണയിച്ചതിനുള്ള അപാകത പരിഹരിച്ച് ഡിമാന്റ് രജിസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വസ്തു നികുതി ഈടാക്കേണ്ടതാണ്.

# 2-7 വസ്തു നികുതി - അപാകതകൾ

1. വിമുക്തഭടൻമാരുടെ ഭവനങ്ങളുടെ വസ്തു നികുതി -നിബന്ധന പാലിച്ചിട്ടില്ല.

ജി.ഒ.(എം.എസ്) 242/13 ത.സ്വ.ഭ.വ 02.07.2013 പ്രകാരം വിമുക്തഭടൻമാരുടെ ഭവനങ്ങളുടെ തറവിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്തവയ്ക്ക് മാത്രമേ വസ്തു നികുതി ഇളവിന് അർഹതയുള്ളൂ. എന്നാൽ ഈ നിബന്ധന പാലിക്കാതെ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചതായി കാണുന്നു.

| കെട്ടിട നം<br>കെട്ടിടത്തിന്റെ സ്വഭാവം | വിസ്തീർണ്ണം (ചതുരശ്ര അടി) | കണക്കാക്കി ഒഴിവാക്കി ക്കൊടുത്ത വസ്തു നികുതി |
|---|---|---|
| 9/248 | 2906.26 | 1782+90+357 |
| 10/187 | 2421.88 | 1485+75+297 |
| 10/402 | 2749.53 | 1608+81+322 |
| 11/12A | 2438.46 | 1224+62+245 |
| 12/592 | 2055.9 | 1792+90+359 |
| 14/308 | 2131.25 | 1427+72+286 |

2. സർക്കാർ ഉത്തരവ് 144/15/ത.സ്വ.ഭ.വ തീയതി 27.04.2015 പ്രകാരം 62 $M^2$ നു താഴെ തറവിസ്തീർണ്ണമുള്ള താമസാവശ്യത്തിനുള്ള കെട്ടിടത്തെ മാത്രമാണ് വസ്തുനികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ 144 $M^2$ വിസ്തതിയുള്ള 2/28 നം കെട്ടിടത്തിന്റെ വസ്തു നികുതി ഒഴിവാക്കിക്കൊടുത്തിരിക്കുന്നു. വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 1823+92+365 (വസ്തു നികുതി, ലൈബ്രറി സെസ്സ് , സേവന നികുതി) എന്നിങ്ങനെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## (സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമാണ് പഞ്ചായത്തിൽ ഡിമാന്റ്

തയ്യാറാക്കിയിട്ടുള്ളത്.)

## 2-8 പഞ്ചായത്ത് പരസ്യ നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അനുമതിയോടു കൂടി ഗ്രാമ പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ പരസ്യനികുതി ഈടാക്കി തനതു വരുമാനത്തിൽ വർദ്ധനവുണ്ടാക്കാമെന്നിരിക്കെ ആയതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടിക്രമങ്ങൾ ഉണ്ടായിട്ടില്ല. 2015-16 വർഷത്തെ ബജറ്റിൽ പരസ്യനികുതി ഇനത്തിൽ 20,00,000 രൂപ വരവ് പ്രതീക്ഷിച്ചിരുന്നെങ്കിലും ഇതിനായുള്ള നടപടികളൊന്നും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 വരവിനങ്ങളുടെ പിരിവ് പുരോഗതി - വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല.

2015-16 വർഷത്തെ വസ്തുനികുതി പിരിവിന്റെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | പിരിവിനം | കുടിശ്ശിക ഡിമാന്റ് | കുടിശ്ശിക പിരിവ് | പിരിവ് % | തൻവർഷം ഡിമാന്റ് | തൻവർഷം വരവ് | പിരിവ് % |
|---|---|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 4434060 | 450435 | 10.15 | 6529066 | 3108214 | 47.6 |
| 4 | സേവന നികുതി | 813089 | 86089 | 10.58 | 1313088 | 668521 | 50.91 |

തൻ വർഷം ഡിമാന്റ് തുകയുടെ 47.6% മാത്രമാണ് പിരിച്ചെടുത്തിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമായ വസ്തുനികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. 2014-15, 2015-16 വർഷങ്ങളിലായി മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ഈയിനത്തിൽ കുടിശ്ശിക 260652 (LC, ST ഉൾപ്പെടെ) രൂപയാണ്. വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-10 വിനോദ നികുതി അപാകതകൾ

അടാട്ട് ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ പുഴയ്ക്കൽ തോടിൽ വിനോദ സഞ്ചാരത്തിന്റെ ഭാഗമായുള്ള ബോട്ടിംഗ്, നടത്തിപ്പിനായി N tire builders & developers എന്ന സ്ഥാപനത്തിന് അനുവാദം നല്കിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2015-16 ലെ ടിക്കറ്റ് സീൽ രജിസ്റ്റർ പ്രകാരം കാശ്മീരി ശിക്കാര ബോട്ടിനായുള്ള 801 മുതൽ 1050 ടിക്കറ്റുകൾ 08/05/2015 ൽ സീൽ ചെയ്ത് നല്കിയിട്ടുണ്ട്.(250എണ്ണം). എന്നാൽ 64 ടിക്കറ്റുകളുടെ വിനോദ നികുതി മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. പെഡൽ ബോട്ടുകളുടെ 7051 മുതൽ 7500 വരെ 450 ടിക്കറ്റുകൾ 08/05/2015 ൽ സീൽ ചെയ്ത് നല്കിയിട്ടുണ്ട്. 182 ടിക്കറ്റുകളുടെ വിനോദ നികുതി മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. ശേഷിച്ച ടിക്കറ്റുകൾ കാൻസൽ ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. വിനോദ നികുതി ബൈലോ പ്രകാരം പഞ്ചായത്തിൽ അടവാക്കേണ്ട വിനോദ നികുതി ഒരു ടിക്കറ്റിന് 24% ആണ്. എന്നാൽ 19 ശതമാനത്തോളം മാത്രമാണ് ഈടാക്കിയിട്ടുള്ളത്. മാത്രമല്ല പഞ്ചായത്തിന്റെ മുദ്ര പതിച്ച നല്കുന്ന ടിക്കറ്റുകളുടെ വിനോദ നികുതിക്ക് തുല്യമായ തുക കരുതൽ നിക്ഷേപമായി നടത്തിപ്പുകാരൻ പഞ്ചായത്തിൽ ഒടുക്കേണ്ടതുമാണ്. ഈ നിർദ്ദേശം പാലിച്ചിട്ടില്ല. ബൈലോ നിർദ്ദേശം 6ൽ (3).

3.ബൈലോയിൽ പറയുന്ന സുരക്ഷാ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നത് പരിശോധിച്ചിട്ടില്ല. നിർദ്ദേശം 4 ൽ (1), 5ൽ (2) നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ഉപയോഗിക്കാത്ത ടിക്കറ്റുകൾ റദ്ദ് ചെയ്ത് തിരികെ വാങ്ങിക്കേണ്ടതുമാണ്.

# 2-11 ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും - താരതമ്യം-ബജറ്റ് തയ്യാറാക്കുന്നതിൽ സ്ഥാപനത്തിന്റെ കാര്യക്ഷമത

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാൻഡ് | വ്യത്യാസം (-)/(+) |
|---|---|---|---|
| കെട്ടിട നികുതി | 66,00,000 | 65,29,066 | (-)70,934 |
| തൊഴിൽ നികുതി | 78,17,664 | 56,35,040 | (-)21,82,624 |
| വാടക | 7,50,000 | 7,62,720 | (+)12,720 |
| വാടക, ഓഡിറ്റോറിയം | 3,50,000 | 0 | (-)3,50,000 |
| പരസ്യം | 20,00,000 | 0 | (-)20,00,000 |
| ഡി. ആന്റ്. ഒ ലൈസൻസ് | 2,00,000 | 1,03,015 | (-)96,985 |
| വിനോദ നികുതി | 1,00,000 | 4240 | (-)95,760 |
| പെർമ്മിറ്റ് ഫീ | 6,00,000 | 7,31,904 | (+)1,31,904 |

| | | | |
|---|---|---|---|
| സേവന നികുതി | 13,20,000 | 13,13,088 | (-)6,912 |
| കാലഹരണപ്പെട്ട നിക്ഷേപങ്ങൾ | 3,00,000 | 0 | (-)3,00,000 |

പലയിനങ്ങളിലും യഥാർത്ഥ ഡിമാൻഡ് ബജറ്റ് തുകയേക്കാൾ വലിയ വ്യതിയാനം കാണുന്നു. വസ്തു നികുതിയിനത്തിൽ കാര്യമായ വ്യത്യാസം ഇല്ലായെങ്കിലും വിനോദ നികുതി പ്രതീക്ഷിത വരുമാനത്തിന്റെ 5 % പോലും വരവില്ല. പരസ്യ നികുതിയിനത്തിൽ വരുമാനം പ്രതീക്ഷിച്ചുവെങ്കിലും ആയതിനുള്ള ബൈലോ തയ്യാറാക്കുകയോ, മറ്റു തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 2015-16-ൽ ബജറ്റിൽ പുതുതായി ധനസ്രോതസ്സുകൾ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിനു ലഭ്യമായേക്കാവുന്ന എല്ലാ ധനാഗമമാർഗ്ഗങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ബജറ്റ് തയ്യാറാക്കുന്നതോടൊപ്പം അവ പിരിച്ചെടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 2-12 അനധികൃതനിർമ്മാണങ്ങൾ -- നടപടികൾ സ്വീകരിച്ചിട്ടില്ല.

അടാട്ട് പഞ്ചായത്തിന് കീഴിൽ അമല ആശുപത്രി, ഐ ഇ എസ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു

1)അമല ഇൻസ്റ്റിറ്റ്യൂട്ട്

8 നിലയുള്ള 4238.81 ഫ്ലോർ ഏരിയ, 3471.02 കാർപ്പറ്റ് ഏരിയ എന്നിവയുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിൽ B1-317/08 തീയതി 4.1.08പ്രകാരം പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫയർഫോഴ്സ് എന്നീ സമ്മതപത്രങ്ങൾ വേണ്ടതാണ് എന്ന് പഞ്ചായത്ത് അറിയിച്ചു. പിന്നീട് യാതൊരു നടപടിയും ഫയലിൽ ഇല്ല. ചീഫ് ടൗൺപ്ലാനറുടെ 14.10.09 ലെ C2-9911/08 കത്ത് പ്രകാരം പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫയർഫോഴ്സ് എന്നീ സമ്മതപത്രങ്ങൾ ഇല്ലാത്തതിനാൽ നിർമ്മാണം നിർത്തിവച്ച് കേരള പഞ്ചായത്ത് രാജ് 235(W)പ്രകാരം നടപടി എടുത്ത് റിപ്പോർട്ട് ചെയ്യണം എന്ന് അറിയിച്ചിട്ടുണ്ട്.

അടാട്ട് പഞ്ചായത്ത് സെക്രട്ടറിയുടെ സി2-680/08/21.12.09 പ്രകാരം അനധികൃതമായി നിർമ്മിച്ച സ്പെഷ്യാലിറ്റി ബ്ലോക്ക്(പി3 കെട്ടിടം), ആയുർവേദ ബ്ലോക്ക് (സി1കെട്ടിടം), പേ വാർഡ് ബ്ലോക്ക് (സി 2കെട്ടിടം) 10 നില കെട്ടിടം എന്നിവയുടെ നിർമ്മാണം നിർത്തിവക്കാൻ ഉത്തരവായി. ഈ വിഷയത്തിൽ ടൗൺപ്ലാനർ, കേരളസർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ, ആശുപത്രി ഡയറക്ടർ,

പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുമായി പലതവണ കത്തിടപാടുകൾ നടത്തിയെങ്കിലും ആയത് ഓഡിറ്റിന് ലഭ്യമായിട്ടില്ല. പ്ലാനിലെ അപാകത പരിഹരിക്കുകയോ, നിർമ്മാണം നിർത്തിവയ്ക്കുകയോ ചെയ്തില്ല. അമല കോമ്പൗണ്ടിൽ നിലവിൽ ധാരാളം കെട്ടിടങ്ങൾ (ആശുപത്രികൾ-(അലോപ്പതി, ആയുർവേദം, ഹോമിയോ), മെഡിക്കൽകോളേജ്, നേഴ്സിംഗ് കോളേജ്, നേഴ്സിംഗ് സ്കൂൾ, സന്യസ്തർക്കുള്ള താമസസ്ഥലങ്ങൾ, ഡോക്ടർമാർ, ജീവനക്കാർ എന്നിവർക്ക് താമസസ്ഥലങ്ങൾ, വയോജനകേന്ദ്രം, കാന്റീനുകൾ, നഴ്സറി സ്കൂൾ, റിസർച്ച് സെന്റർ) പണി പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നു. എന്നാൽ അവയൊന്നും പഞ്ചായത്തിൽ പെർമിറ്റിന് അപേക്ഷിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭിച്ചിട്ടില്ല.

അമല ഇൻസ്റ്റിറ്റ്യൂഷന് കീഴിലുള്ള 1 മുതൽ 104 വരെയുള്ള കെട്ടിടങ്ങൾക്ക് 523698/-രൂപ കെട്ടിട നികുതി ചുമത്തി (പുതുക്കിയ നിരക്കിൽ) അടാട്ട് പഞ്ചായത്ത് സെക്രട്ടറി 10/3/2015ൽ സി3-2250/15 കത്ത് പ്രകാരം ഡിമാന്റ് നോട്ടീസ് പുറപ്പെടുവിച്ചു. ഈ നടപടിയെ ചോദ്യം ചെയ്ത് അമല ഇൻസ്റ്റിറ്റ്യൂഷൻ അധികാരികൾ ബഹു. കേരള ഹൈക്കോടതിയിൽ 6/4/15 ന് WP(C)NO.11812ന് സമർപ്പിച്ച റിട്ട് ഹർജിയിൽ പഞ്ചായത്തിന്റെ നടപടി താല്ക്കാലികമായി നിർത്തിവയ്ക്കുന്നതിന് സ്റ്റേ (9/4/2015ൽ) അനുവദിക്കുകയുണ്ടായി. കേസ് ഫയൽ പ്രകാരം WPC No.7356/05/27.6.12 എന്ന മറ്റൊരു കേസിലും ബഹു. ഹൈക്കോടതി പഞ്ചായത്തിന്റെ നടപടികൾ ഒഴിവാക്കിയതായി കാണുന്നു. ഭരണഘടനയുടെ Art 14,Art 30,KPBR 2009 ലെ സെ.207(1)(b) സർക്കുലർ 49590/RC2/2011/LSGD 12.4 12 എന്നീ കാരണങ്ങൾ കാണിച്ചാണ് കോടതിയിൽ കേസ് വാദിച്ചത്. പഞ്ചായത്ത് സത്യവാങ്മൂലം സമർപ്പിച്ചതിന്റെ രേഖകളോ, സ്റ്റേ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ച രേഖകളോ ഫയലിൽ ലഭ്യമല്ല.

2)ഐഡിയൽ എഡ്യൂക്കേഷൻ സൊസൈറ്റി,
ഫയൽ നമ്പർ – സി2/9183/11(സർവ്വെ നം. 223/1, 2, 6, 2/9, 225/2, 3, 1, 224/5, 16/1പി)

യഥാസമയം കെട്ടിടനിർമ്മാണപെർമിറ്റിന് അപേക്ഷ സമർപ്പിക്കാത്ത ഐഡിയൽ എഡ്യൂക്കേഷൻ സൊസൈറ്റി വിവിധ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനും, കെട്ടിട നമ്പർ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ തീർപ്പാക്കപ്പെട്ടില്ല. തദ്ദേശ സ്വയം ഭരണവകുപ്പ് സെക്രട്ടറിയുടെ 16/2/15 ലെ നം.54301/ആർ.ബി2/14 ഉത്തരവിൽ കെ.പി.ബി.ആർ-ലെ ചട്ടം 26(4a) പ്രകാരം പാരിസ്ഥിതിക തടസ്സരാഹിത്യ പത്രവും, ചട്ടം 56(4) പ്രകാരം ചീഫ് ടൗൺ പ്ലാനറുടെ ലേ ഔട്ട് അംഗീകാരവും ലഭ്യമാക്കിയശേഷം ക്രമവൽക്കരണത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉത്തരവായി. കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിന്റെയോ,ഫീ ഈടാക്കിയതിന്റെയോ രേഖകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. അടാട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 03/2015ലെ കെട്ടിട നികുതി ഡിമാന്റ് നോട്ടീസ് പ്രകാരം താഴെപ്പറയും

പ്രകാരം ക്രമവൽക്കരിച്ചതും അല്ലാത്തതുമായ കെട്ടിടങ്ങൾക്ക് കെട്ടിട നികുതി നിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിനെതിരെ ഐ.ഇ.എസ്. അധികാരികൾ ബഹു.കേരള ഹൈക്കോടതിയിൽ സമർപ്പിച്ച WP(c) NO.11500/2015 dt.6/4/15 ഹർജി പ്രകാരം മേൽ ഉത്തരവിന് താല്ക്കാലിക സ്റ്റേ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | വാർഡ് | കെട്ടിട നംമ്പർ | കെട്ടിട നികുതി |
|---|---|---|---|
| 1 | 2 | 279/D(UA) | 6357 |
| 2 | ,, | 279/F(UA) | 16891 |
| 3 | ,, | 279/E(UA) | 32229 |
| 4 | ,, | 279/A(UA) | 74480 |
| 5 | ,, | 279/G(UA) | 96890 |
| 6 | ,, | 279/B(UA) | 106662 |
| 7 | ,, | 279 | 141391 |
| 8 | ,, | 279/C(UA) | 239997 |
| 9 | ,, | 279/H(UA) | 270117 |
| 10 | ,, | 280 | 28348 |
| 11 | ,, | 281 | 1234 |
| 12 | ,, | 282 | 45954 |
| 13 | ,, | 283 | 38622 |
| 14 | ,, | 284 | 1460 |
| 15 | ,, | 285 | 3704 |
| 16 | ,, | 286 | 1385 |
| 17 | ,, | 287 | 23718 |
| ആകെ | | | 1294439 |

മേൽപ്പറഞ്ഞ ഡിമാന്റ് നോട്ടീസ് പ്രകാരം എല്ലാ കെട്ടിടങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. രണ്ടുസ്ഥാപനങ്ങളും നാളിതുവരെ നികുതി അടവാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രണ്ട് സ്വാശ്രയ സ്ഥാപനങ്ങളിൽ നിന്നുമുള്ള കെട്ടിട നികുതി ലഭിക്കാതിരിക്കുന്നതിലൂടെ പഞ്ചായത്തിന് ഭീമമായ വരുമാന നഷ്ടമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

മേൽസൂചിപ്പിച്ച അനധികൃതനിർമ്മാണപ്രവൃത്തി സംബന്ധിച്ച കൃത്യമായ ഫയൽ, കത്തിടപാടുകൾ എന്നിവയുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കോടതി താൽക്കാലികസ്റ്റേ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് സ്റ്റേ ഒഴിവാക്കാൻ യാതൊരു നടപടികളും എടുത്തതായി കാണുന്നില്ല. പഞ്ചായത്തിന്റെ വാദമുഖങ്ങൾ കോടതിയെ ബോധ്യപ്പെടുത്താൻ ആത്മാർത്ഥമായ ശ്രമങ്ങൾ വേണ്ടതാണ്.

സ്ഥാപനങ്ങൾ സ്വന്തം ഇഷ്ടത്തിനനുസരിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുകയും ആയത് ക്രമവൽക്കരിക്കുകയോ നികുതി അടവാക്കുകയോ ചെയ്യാതിരിക്കുന്നത് ആശാസ്യമല്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ അനധികൃതനിർമ്മാണങ്ങൾക്കെതിരെയും ശക്തമായ നടപടികൾ എടുക്കേണ്ടതാണ്. വർഷങ്ങളായി ഇതേ കാര്യം തന്നെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ടെങ്കിലും ആയതിന് വേണ്ടത്ര പ്രാധാന്യം നൽകി പഞ്ചായത്ത് നടപടി എടുക്കുന്നില്ല. പഞ്ചായത്തിനുണ്ടാകുന്ന വരുമാനനഷ്ടം അതിനിടയാക്കുന്ന ഉദ്യോഗസ്ഥരുടെ വീഴ്ചയായി കണക്കാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം-മാർഗ്ഗരേഖ പാലിച്ചില്ല

സ.ഉ (സാധാ) 330/2004/ത.സ്വ.ഭ.വ ഉത്തരവനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറികിട്ടിയ ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനായി മെയിന്റനൻസ് ഗ്രാന്റിന്റെ 10%ൽ അധികരിക്കാത്ത തുക ചിലവഴിക്കാമെന്നും പ്രസ്തുത സംഖ്യ മെയിന്റനൻസ് ഗ്രാന്റ്, റോഡിതര വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നും ഉത്തരവുള്ളതാണ്. അടാട്ട് ഗ്രാമപഞ്ചായത്തിന് 2015-16 വർഷം മെയിന്റനൻസ് ഗ്രാന്റിനത്തിൽ ആകെ ലഭ്യമായ സംഖ്യ 5962000/- രൂപയാണ്. ( മെയിന്റനൻസ് ഗ്രാന്റ്, റോഡ്-3369000/- + മെയിന്റനൻസ് ഗ്രാന്റ്റോഡിതരം 2593000/-) ഇതിന്റെ 10% എന്നത് 596200/- രൂപയാണ്. എന്നാൽ അടാട്ട് ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനായി തൻ വർഷം മെയിന്റനൻസ് ഗ്രാന്റ് റോഡിതര വിഭാഗത്തിൽ 1200000/-രൂപ ചിലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി സംഖ്യ ചിലവഴിച്ചതിന് സർക്കാർ അംഗീകാരം ലഭ്യമാകുന്നതുവരെ അധികമായി ചെലവുചെയ്ത 6,03,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ അനുപൂരകപോഷകാഹാരം പദ്ധതിയിൽ (S041/16) വാങ്ങിയ താഴെ ചേർത്തിട്ടുള്ള ഇനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം, തുക | ഡിഡി നം, തുക | ചെലവ് |
|---|---|---|

| | | |
|---|---|---|
| 01/20.7.15<br>3,31,113 | 779727/20.7.15<br>2,55,839 | Amrutham<br>(CFC,തോളൂർ) |
| 264086/15.12.15<br>1,52,475 | 008086-<br>45,067<br>008085-<br>40,000 | Amrutham<br>(CFC,തോളൂർ) |
| 05/27.10.15<br>2,54,927 | 568855- 78,168 | Amrutham<br>(CFC,തോളൂർ) |
| | 568854/27.10.15<br>1,31,428 | Maveli Store |
| 06/30.11.15<br>1,13,960 | 116725/1.12.15<br>1,13,960 | Amrutham<br>(CFC,തോളൂർ) |

സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ 6,64,462/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 പദ്ധതി നടത്തിപ്പ്- കൂടുതൽ അന്വേഷണം ആവശ്യമാണ്.

നിർവഹണഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

പദ്ധതി - എസ് സി യുവജനങ്ങൾക്ക് പശു വളർത്തൽ(S173/16)

ബിൽ നം 3/15-16/28.3.16- 440000

22 പേർക്ക് 20000/- രൂപ വീതം കറവപ്പശുവിനെ വാങ്ങുന്നതിനായി സബ്സിഡി നൽകുന്നു. സബ്സിഡി ലഭിച്ച 2 ഗുണഭോക്താക്കൾ പരസ്പരം കറവപ്പശുവിനെ വാങ്ങിയതായി കാണുന്നു.

| ഗുണഭോക്താവ് | പശുവിനെ നൽകിയ വ്യക്തി | അഭിപ്രായം |
|---|---|---|
| ശരത് ലാൽഇല്ലത്ത്, അടാട്ട് | വിജയശ്രീ, ഇടക്കാട്ടിൽ,അടാട്ട് | ഗുണഭോക്താവായ വൈശാഖിന്റെ കുടുംബാംഗം |
| വൈശാഖ്, ഇടക്കാട്ടിൽ,അടാട്ട് | ശങ്കരൻ, ഇല്ലത്ത്,അടാട്ട് | ഗുണഭോക്താവായ ശരത് ലാലിന്റെ കുടുംബാംഗം |

ഇപ്രകാരം ഗുണഭോക്താക്കൾ പരസ്പരം വാങ്ങിയത് ശരിയായ നടപടിയല്ല. ഈ പദ്ധതിയുടെ കൃത്യത സംബന്ധിച്ച് കൂടുതൽ അന്വേഷണം ആവശ്യമാണ്.

# 3-4 അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1.പ്രോജക്റ്റ്.നം.139/16-പ്രിയദർശിനി റോഡ് സബ് ലെയിൻ സോളിംഗ് (വാർഡ്14)-ടാറിംഗ് ചെയ്ത റോഡിൽ വീണ്ടും സോളിംഗ് നടത്തി

എം.ബുക്ക് നം.134/15-16 കരാറുകാരൻ: രഘുനാഥൻ പിള്ള

ട.ബിൽ നം.72/31-12-15-110719.00

ട.ബിൽ നം.70/ “ -179060.00

2013 ൽ അപ്ഡേറ്റ് ചെയ്ത ആസ്തി രജിസ്റ്റർ പ്രകാരം (ക്രമ നം.174510050000000 ) വാർഡ് 14 ലുള്ള 450 മീ. നീളമുള്ള ഈ റോഡ് ടാർ ചെയ്തതാണ്. എന്നാൽ പ്രസ്തുത റോഡിൽ 451മീ.നീളത്തിൽ സോളിംഗ് നടത്തുന്നതിന് 319000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തു. ഇത്തരത്തിൽ തെറ്റായ രീതിയിൽ പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

2. റോഡുകളുടെ നീളത്തിൽ വ്യത്യാസം-അധിക നീളത്തിൽ പ്രവൃത്തി നടത്തിയത് ക്രമപ്രകാരമല്ല.

താഴെ പറയുന്ന റോഡ് പ്രവൃത്തികളിൽ ആസ്തി രജിസ്റ്ററിലെ റോഡിന്റെ നീളവും, പ്രവൃത്തി നടത്തിയ നീളവും തമ്മിൽ വ്യത്യാസമുണ്ട്.

| ക്രമ നം. | പ്രോജക്റ്റ്.നം./ പേര് | അടങ്കൽ | ആസ്തി രജിസ്റ്ററിലെ നീളം | ചെയ്ത നീളം |
|---|---|---|---|---|
| 1 | 136/16-റോസ് ഗാർഡൻ റോഡ് | 90000 | 75m | 90m |
| 2. | 165/16-പുത്തിശ്ശേരി പാടം റോഡ് കോൺക്രീറ്റിംഗ് | 142000 | 44.5m | 48.5m |

അധിക നീളത്തിൽ പ്രവൃത്തി നിർവഹിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

3. പ്രവൃത്തി സ്ഥലത്ത് ബോർഡുകൾ സ്ഥാപിക്കുന്നില്ല.

12ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (G.O.(MS)362/13/LSGD Dt.16/11/13) പ്രകാരം

പ്രവൃത്തിസ്ഥലത്ത് വിശദവിവരങ്ങളടങ്ങിയ ബോർഡുകൾ പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിക്കണം. ആയതിന് ആവശ്യമായ തുക എസ്റ്റിമേറ്റിൽ വകയിരുത്താവുന്നതുമാണ്. എന്നാൽ പഞ്ചായത്തിൽ ഈ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത നിരവധി റോഡുകൾ പഞ്ചായത്തിൽ നിലവിലുള്ളതായി കാണുന്നു. ഈ റോഡുകളിൽ നിരവധി പ്രവൃത്തികൾ 15-16 ൽ നിർവഹിച്ചതായും കാണുന്നു. ആയതുകൊണ്ടുതന്നെ ഇവ പഞ്ചായത്തിന് വിട്ടുനൽകിയ റോഡുകൾ തന്നെയാണൊ എന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി റജിസ്റ്ററിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/dt.25-10-16) നല്കിയ മറുപടിയിൽ ആസ്തി രജിസ്റ്റർ ഡിജിറ്റൽ രൂപത്തിലാക്കാത്തതിനാൽ റോഡുകളുടെ യഥാർഥ നീളമല്ല ആസ്തി രജിസ്റ്ററിൽ കാണിച്ചിട്ടുള്ളതെന്നും ആയതിനാലാണ് മേൽ പ്രകാരമുള്ള പരാമർശത്തിനിടവന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്.

# 3-5 സെക്രട്ടറി നിർവ്വഹിച്ച പദ്ധതികളിലെ അപാകതകൾ

1. സർക്കാർ ഉത്തരവ് കൃത്യമായി പാലിക്കുന്നില്ല.

30/1/11 ലെ G.O.(Rt)No.244/13/LSGD ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ശക്തമായിരിക്കുന്ന സാഹചര്യത്തിൽ നിർമ്മിതി കേന്ദ്രത്തിന്റെ തനതായ ടെക്നോളജി ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ മാത്രം അവരെ ഏല്പിച്ചാൽ മതി. എന്നാൽ ഈ ഉത്തരവ് പാലിക്കാതെ എല്ലാ നിർമ്മാണ പ്രവൃത്തികളും, അവയുടെ മെയിന്റനൻസ് പ്രവൃത്തികളും നിർമ്മിതിയെ തന്നെ ഏൽപിക്കുന്നു. കൂടാതെ നിർമ്മാണപ്രവൃത്തികളിൽ സാങ്കേതിക പരിജ്ഞാനമുള്ള അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവർ ഉള്ളപ്പോൾ ഇത്തരം പ്രവൃത്തികൾ സെക്രട്ടറി നിർവ്വഹണം നടത്തുന്നതും ഉചിതമല്ല.

2. പ്രോജക്റ്റ് നം. 19/16-കെ.ആർ.നാരായണൻ മെമ്മോറിയൽ ഹാൾ നിർമ്മാണം- പൊളിച്ച് മാറ്റിയ സാധനങ്ങളുടെ വിവരം ലഭ്യമാക്കിയില്ല.

12-13 വർഷത്തിൽ തുടങ്ങി 15-16 വർഷത്തിൽ അവസാനിച്ച മേൽ പദ്ധതിക്കായി 15-16 വരെ ആകെ 6400000/- രൂപ ചെലവഴിച്ചിട്ടുണ്ട് (അടങ്കൽ 9400000/-). നിർമ്മിതിക്കായിരുന്നു മേൽ പദ്ധതിയുടെ കരാർ ചുമതല. നിലവിലുണ്ടായിരുന്ന ഹാൾ

പൊളിച്ച് മാറ്റിയാണ് പുതിയ ഹാൾ നിർമ്മിച്ചത്. ഫൈനൽ ബിൽ ഇനം 1 ആയി 609.48 $M^2$ roofing sheet പൊളിച്ച് മാറ്റിയിരുന്നു. കൂടാതെ, ഇനം 2,3 ആയി truss work,grill,doors&windows എന്നിവയും പൊളിച്ച് മാറ്റിയിരുന്നു (ഇവയുടെ അളവുകൾ രേഖപ്പെടുത്തിയിട്ടില്ല). എന്നാൽ ഇവയൊന്നും തന്നെ സ്റ്റോക്കിലെടുക്കുകയോ, ലേലം ചെയ്തതായോ കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2) നല്കിയ മറുപടിയിൽ പൊളിച്ച് മാറ്റിയ സാധനങ്ങൾ കേരശ്രീ യൂണിറ്റ്, പുഴക്കൽ ടൂറിസം പദ്ധതി എന്നിവക്കായി ഉപയോഗിച്ചതായും, സ്റ്റീൽ വിൻഡോ അംഗൻവാടി നിർമ്മാണത്തിനായി ഉപയോഗിക്കുമെന്നും ബാക്കിയുള്ളവ സ്ക്രാപ്പായി വില്പന നടത്തിയെന്നുമാണ് മറുപടി നല്കിയത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതുകൊണ്ടുതന്നെ, പൊളിച്ച് മാറ്റിയ സാധനങ്ങൾ തന്നെയാണൊ മേൽ പറഞ്ഞവയുടെ നിർമ്മാണത്തിനായി ഉപയോഗിച്ചതെന്ന് ഉറപ്പ് വരുത്താനായില്ല. ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# 3-6 ജൈവ മാലിന്യം വളമാക്കി മാറ്റി വില്പന നടത്തുന്നത്- മാതൃകാപരം

പഞ്ചായത്തിലെ ജൈവ അജൈവ മാലിന്യങ്ങൾ കുടുംബശ്രീ പ്രവർത്തകർ ശേഖരിച്ച് വേർതിരിച്ച് ജൈവ മാലിന്യങ്ങൾ മാലിന്യസംസ്കരണ പ്ലാന്റുപയോഗിച്ച് വളമാക്കിമാറ്റുകയും അജൈവ മാലിന്യങ്ങൾ യന്ത്രസഹായത്തോടെ പ്ലസ്റ്റിക് ഗ്രാന്യൂൾസാക്കി മാറ്റി റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നു. ഇതിന് വേണ്ട എല്ലാ ചെലവുകളും-ജീവനക്കാരുടെ വേതനം, പ്ലാന്റിന്റെ നിർമ്മാണ ചെലവ്, മറ്റ് ആവർത്തന ചെലവുകൾ എന്നിവ- പഞ്ചായത്ത് തന്നെ വഹിക്കുന്നു. എന്നാൽ ജൈവവളമാക്കി മാറ്റാനുള്ള ചാണകം കുടുംബശ്രീ പ്രവർത്തകർ തന്നെ സ്വന്തം ചെലവിൽ സംഘടിപ്പിക്കുന്നു. വർഷങ്ങളായി നടക്കുന്ന പ്രവർത്തനമാണെങ്കിലും 15-16 വർഷത്തിൽ 31-3-15 പ്രാബല്യത്തിലാണ് കുടുംബശ്രീയുമായി കരാറിൽ ഏർപ്പെട്ടത്. എന്നാൽ പ്ലാന്റിൽ നിന്നുള്ള ഉല്പന്നമായ വളം, പ്ലസ്റ്റിക് ഗ്രാന്യൂൾസ് എന്നിവ എന്തു ചെയ്യുന്നുവെന്ന് കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. ഇവ വില്പന നടത്തുന്നതിന് കുടുംബശ്രീയെ അനുവദിച്ചതായി കരാറിൽ വ്യവസ്ഥകളൊന്നും തന്നെയില്ല. ഇതിനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വളരെ നല്ല രീതിയിലാണ് പ്ലാന്റിന്റെ പ്രവർത്തനം നടക്കുന്നത് എന്ന് നേരിൽ ബോധ്യപ്പെട്ടു. അധികം വരുന്ന പ്ലസ്റ്റിക് മാലിന്യങ്ങൾ കത്തിച്ചു കളയുന്നത് ഒഴിവാക്കി മുഴുവനായും ഗ്രാന്യൂൾസാക്കി മാറ്റി റോഡ് പ്രവർത്തിക്കായി ഉപയോഗിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

# 3-7 വൃദ്ധജനപരിപാലനം- പദ്ധതി നടത്തിപ്പിലെ

## അപാകതകൾ

പ്രോജക്റ്റ് നമ്പർ :എസ് 0013/16

അടങ്കൽ : രൂ.,2,00,000/- (പൊതുവിഭാഗം-സേവനമേഖല)

ചെലവ് : രൂ.,2,00,000/-

മെഡിക്കൽ ഓഫീസർ പി.എച്ച്.സി (അലോപ്പതി) നിർവഹണോദ്യസ്ഥനായി നടപ്പിലാക്കിയ ഈ പദ്ധതിക്ക് താഴെ പറയും പ്രകാരം സംഖ്യ ചിലവഴിച്ചിട്ടുണ്ട്.

1) 125000/- (ബിൽ നം 4/15-16 തീയ്യതി 23.01.16)

2) 75000/- (ബിൽ നം7/15-16 തീയ്യതി 28.03.16)

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 60 വയസ്സിന് മുകളിൽ പ്രായമുള്ള ബി.പി എൽ വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി മരുന്ന് നൽകാൻ ലക്ഷ്യമിട്ട പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾക്ക്, ഏത് നിരക്കിൽ, എപ്രകാരം മരുന്ന് വിതരണം ചെയ്യണമെന്ന യാതൊരു മാർഗ്ഗരേഖയും അവലംബിച്ചിട്ടില്ല. മാത്രമല്ല ലഭ്യമാക്കിയ ബി.പി എൽ ലിസ്റ്റ് അപൂർണ്ണമാണ്.

2. ഗുണഭോക്താക്കളെ സംബന്ധിച്ച പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകൃത ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

3. പ്രസ്തുത പ്രോജക്റ്റ് പ്രകാരം വാങ്ങിയ മരുന്നുകൾ ആർക്കെല്ലാം ഏതളവിൽ നൽകി, അപ്രകാരം മരുന്ന് കൈപ്പറ്റിയവരിൽ നിന്നുള്ള കൈപ്പറ്റ് രശീതി , എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

4. ഈ പ്രോജക്റ്റ് പ്രകാരം മരുന്ന് വിതരണം ചെയ്യുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്ന സ്ഥാപനം നാളിതുവരെ 147361/- രൂപയുടെ മരുന്നുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. 52639/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

കൃത്യമായി രൂപരേഖ തയ്യാറാക്കാതെ നടപ്പാക്കിയ ഈ പദ്ധതിക്കായി ചിലവഴിച്ച സംഖ്യ ഇക്കാരണത്താൽ തടസ്സത്തിൽ വെയ്ക്കുന്നു.

# 3-8 വാഹനപരിപാലനം-അപാകതകൾ

പഞ്ചായത്തിൽ നിലവിൽ മൂന്ന് വാഹനങ്ങളാണ് ഉപയോഗിച്ചുവരുന്നത്.

1.KL 08 AN 6616-നിസാൻ ടിപ്പർ ലോറി.

2.KL 08 AX 7807-പിക്ക് അപ്പ് വാൻ.

3.KL 08 AN 3687- മഹീന്ദ്ര ഇൻവേഡർ.

ഈ വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട ചെലവു പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ സംബന്ധിച്ച 30.06.2007ലെ ജി. ഒ (എം.എസ്) 170/07 ത.സ്വ.ഭ.വ ഉത്തരവിനനുസൃതമായിട്ടല്ല വാഹനങ്ങൾ ഉപയോഗിച്ചുവരുന്നത്. പരിശോധനയിൽ കണ്ട അപാകതകൾ താഴെ കാണിക്കുന്നു.

1. വാഹനരജിസ്റ്റർ, ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ, സ്റ്റോക്ക് രജിസ്റ്റർ , ഫ്യൂവൽ രജിസ്റ്റർഎന്നിവ സൂക്ഷിക്കുന്നില്ല.

2. ലോഗ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല. ഇന്ധനം നിറച്ച വിവരം ഭാഗികമായി രേഖപ്പെടുത്തുക, ഇന്ധനം നിറച്ച വിവരം സാക്ഷ്യപ്പെടുത്താതിരിക്കുക, ഇന്ധനക്ഷമത നടത്തി സർട്ടിഫിക്കറ്റ് തയ്യാറാക്കൽ, മാസാന്ത്യ സംക്ഷിപ്തം എന്നിവ നടത്താതിരിക്കുക.

3. കസ്റ്റോഡിയനോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ ഇന്ധനടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറച്ചിട്ടില്ല.

4. അറ്റകുറ്റ പണികളുടെ വിവരം ലോഗ് ബുക്കിൽ ചേർക്കുന്നില്ല. ഏത് വാഹനത്തിനാണ് റിപ്പയർ എന്നത് പല ബില്ലുകളിലും കാണുന്നില്ല.

5. വാഹനത്തിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥർ പലപ്പോഴും ഒപ്പ് വെയ്ക്കുന്നില്ല.

2. വാഹനങ്ങളുടെ അറ്റകുറ്റപ്പണി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല.

അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിക്കുന്ന ചെലവ് 2000/- രൂപക്ക് മുകളിലും 10000/- രൂപ വരേയും ആണെങ്കിൽ ക്വട്ടേഷൻ അടിസ്ഥാനത്തിലല്ലാതെ പ്രസ്തുത പണി സർക്കാരിന്റെ അംഗീകാരമുള്ള ഒരു വർക്ക് ഷോപ്പ് മുഖേന ചെയ്യിക്കാവുന്നതാണെന്നും, 10000/-രൂപക്ക് മേൽ ചെലവ് വരുന്ന എല്ലാ സംഗതികളിലും മത്സരസ്വഭാവമുള്ള ക്വട്ടേഷൻ അടിസ്ഥാനത്തിലായിരിക്കണം അറ്റകുറ്റപണി ചെയ്യിക്കേണ്ടത് എന്നും മേൽ ഉത്തരവിൽ പരാമർശമുള്ളതാണ്. ആയതിന് വിരുദ്ധമായി താഴെ പറയുന്ന അറ്റകുറ്റപണികൾ നടത്തിയതായി കാണുന്നു.

| ക്രമ നംപർ | വൗച്ചർ നംപർ/ തീയ്യതി | ചെലവഴിച്ച സംഖ്യ | ചെലവ് സംബന്ധിച്ച വിവരം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 21500220/30.05.15 | 33400 | KL-08 AN 6616 വാഹനത്തിന്റെ അറ്റകുറ്റപ്പണി |
| 2 | 21500261/04.06.15 | 14361 | " |
| 3 | 21500366/02.07.15 | 4800 | വാഹനം സംബന്ധിച്ച വിവരം ലഭ്യമല്ല. |
| 4 | 21500048/10.04.15 | 8420 | KL-08AN3687 വാഹനത്തിന്റെ അറ്റകുറ്റപ്പണി |
| 5 | 21500177/16.05.15 | 7700 | " |
| ആകെ | | 68681 | |

സർക്കാർ ഉത്തരവിന് വിരുദ്ധമായി ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെ വാഹനങ്ങളുടെ അറ്റകുറ്റപണി നടത്തിയ വകയിൽ ചെലവഴിച്ച സംഖ്യ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-9 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായില്ല. തുക തടസ്സപെടുത്തുന്നു

പ്രോജക്ട് നംപർ .എസ് 0015/16

അടങ്കൽ 100000/- (മെയിന്റനൻസ് ഗ്രാന്റ്റോഡിതരം)

ബിൽ നംപർ 1/2015-16 തീയ്യതി 20/01/2016

ഗവ ഹോമിയോ ഡിസ്പൻസിറിയിലേക്ക് മരുന്ന വാങ്ങുന്നതിനായി ഈ പ്രോജക്ട് പ്രകാരം ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്ന് 100000/- രൂപക്ക് മരുന്നുകൾ വാങ്ങുന്നതിനായി ചിലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത്രയും രൂപക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചിലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-10 മെഡിക്കൽ ഓഫീസർ (അലോപ്പതി)PHC നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

വാഹനലോഗ്ബുക്ക് പരിശോധന-- ഇന്ധനം നിറച്ചതിന്റെ രേഖപ്പെടുത്തൽ ഇല്ല.

മെഡിക്കൽ ഓഫീസർ (അലോപ്പതി) PHC നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർ കസ്റ്റോഡിയനായ KL 08 AW 5636 നമ്പറിലുള്ള വാഹനത്തിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലും ലോഗ്ബുക്കിൽ വരുത്തി കാണുന്നില്ല.

ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരം

| പ്രോജക്ട് സംബന്ധിച്ച വിവരം | ഇന്ധനം നിറച്ച വകയിൽ ചെലവ് | ബിൽ വിവരം |
|---|---|---|
| പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ(S010/16) | 5000 | ട്രഷറി ബിൽ നം.01/16.9.15-70100രൂപ |
| | 4500 | ട്രഷറി ബിൽ നം.03/29.9.15-57600രൂപ |
| | 5400 | ട്രഷറി ബിൽ നം.05/27.1.16-60000രൂപ |
| | 4800 | ട്രഷറി ബിൽ നം.10/28.3.16-29245രൂപ |
| യു ഐ പിക്കും വിദ്യാലയ ആരോഗ്യപരിപാടിക്കും വാഹനസൗകര്യം ഏർപ്പെടുത്തൽ ( S0144/16) | 1000 | ചെക്ക് നം 262878/15.7.15-5850 രൂപ |
| | 1200 | ചെക്ക് നം 263467/19.10.15-5850രൂപ |
| | 2200 | ചെക്ക് നം 264480/21.1.16-7150 രൂപ |
| | 1800 | ചെക്ക് നം 265046/21.3.16 5850 രൂപ |
| ആകെ | 25900 | |

മേൽപ്രകാരമുള്ള സംഖ്യക്ക് ഇന്ധനം നിറച്ചതിന്റെ വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്താത്തതിന് കാരണം വിശദമാക്കേണ്ടതാണ്.

# 3-11 ആശ്രയ പദ്ധതി - അവലോകനം

| ഇനം | 1st പ്രോജക്ട് | 2nd പ്രോജക്ട് |
|---|---|---|
| പ്രോജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ | 121 | 67 |
| പ്രോജക്ടുപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 33 | 17 |
| നാളിതുവരെ ലഭിച്ചവർ | 1 | - |
| പ്രോജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 52 | 24 |
| നാളിതുവരെ ലഭിച്ചവർ | 21 | - |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 28 | 30 |
| നാളിതുവരെ ലഭിച്ചവർ | 25 | 11 |
| കക്കൂസ് ആവശ്യമുള്ളവർ | 10 | 41 |
| നാളിതുവരെ ലഭിച്ചവർ | 10 | - |
| കുടിവെള്ളം ആവശ്യമുള്ളവർ | 12 | 44 |
| നാളിതുവരെ ലഭിച്ചവർ | - | - |
| കറന്റ് ആവശ്യമുള്ളവർ | 16 | 26 |
| നാളിതുവരെ ലഭിച്ചവർ | 16 | - |

ജി.ഒ (എം.എസ്)362/13/ത.സ്വ.ഭ.വ തീയതി 16.11.13 അനുബന്ധം 14 ഖണ്ഡിക 67(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് സ്ഥലം ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ള ഇതര വിഭാഗങ്ങൾക്ക്

സ്ഥലം അനുവദിക്കാവുന്നത്. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖണ്ഡിക 68(i) പ്രകാരം ഭവനരഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന ധനസഹായം മുൻഗണനാ അടിസ്ഥാനത്തിൽ നൽകണം.

മേൽ പട്ടിക പ്രകാരം പദ്ധതിയുടെ രണ്ട് ഘട്ടങ്ങളിലും പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം പരിശോധിക്കുമ്പോൾ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയമാണെന്ന് കാണുന്നു. പദ്ധതിക്കായി പരിമിതമായ തുകയാണ് വകയിരുത്തിയിട്ടുള്ളത്.ഒന്നാം ഘട്ടത്തിൽ എല്ലാവർക്കും സ്ഥലം, ഭവനം എന്നിവ ലഭ്യമാക്കിയിട്ടില്ല. രണ്ടാം ഘട്ട പദ്ധതിയുടെ ആവിഷ്ക്കാരം തികച്ചും അശാസ്ത്രീയമാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. രണ്ട് ഘട്ടങ്ങളിലും വരവ് തന്നെ പൂർണ്ണമായും ചെലവഴിച്ച് കാണുന്നില്ല. ആശ്രയ അക്കൗണ്ടിൽ (അടാട്ട് പഞ്ചായത്ത് മൾട്ടിപർപ്പസ് കോപ്പറേറ്റീവ് സൊസൈറ്റിയിലെ 305നം. അക്കൗണ്ട്) 31.3 16 ന് 611749 രൂപ നീക്കിയിരുപ്പ് ഉണ്ട്.

ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യപ്രാപ്തിയിലെത്താത്ത സാഹചര്യത്തിലാണ് ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ഭീമമായ തുകകൾ വകയിരുത്തി സ്ഥല/ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. നിലവിൽ തുടർന്നുകൊണ്ടിരിക്കുന്ന രണ്ടാം ഘട്ട പദ്ധതിയിൽ ആശ്രയ ഗുണഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രോജക്ട് തയ്യാറാക്കി ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| | 20,00,000 | പുറനാട്ടുകര വായനശാല നവീകരണം | 20,00,000 | 0 |

| | | | | |
|---|---|---|---|---|
| | 5,00,000 | കെ.ആർ. നാരായണൻ മെമ്മോറിയൽ ഹാൾ നവീകരണം | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4. വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 600 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 600 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 600 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| ലഭ്യമല്ല | | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 4000 രൂപ ഈടാക്കിയിട്ടുണ്ട്

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12 | 2014-15 | ക്ഷേമ പെൻഷൻ | തുക തിരിച്ചടവാക്കിയിട്ടുണ്ട്. പരാമർശം ഒഴിവാക്കുന്ന നടപടിക്കായി സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53874080 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58592063 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1636943 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഇല്ല

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 603800 | ലിൻസ് ഡേവീഡ്, സെക്രട്ടറി |
| 3-2 | 664462 | ഷീജ.പി.ജെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-7 | 2,00,000 | ഡോ. സുമൻ കാർത്തിക് മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| 3-8 | 68681 | ഡോ. സുമൻ കാർത്തിക് മെഡിക്കൽ ഓഫീസർ |
| 3-9 | 1,00,000 | ഡോ.പ്രവീൺ ബി വിശ്വം |
| ആകെ | 1636943 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-2

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1983-84 | എൽ . എഫ്.ടി.എസ്.2-781/11തീ.18.10.11/ 06.01.12 | | |
| 1984-85 | | | |
| 1985-86 | | | |
| 1986-87,1987-88 | | | |
| 1990-91 | | | |
| 1991-92 | | | |
| 1992-93,1993-94 | എൽ . എഫ്.ടി.എസ്.2-781/11 തീ.18/10/11/6.1.12 | | |

| | | | |
|---|---|---|---|
| 1994-95,1995-96 | എൽ . എഫ്.ടി.എസ്.2-781/11തീ.18.10.11/ 6.1.12 | | |
| 1996-97&1997-98 | എൽ . .എഫ്.ടി.21/1911/ 2000/18.05.2000 | | |
| 1998-99,1999-2000, 2000-01 | എൽ . എഫ്.ടി.12/932/ 02/11.01.13 | | |
| 2001-02 | എൽ . എഫ്.ടി.12-1583/03/ 26.02.02(പ്ലാൻ) | | |
| 2002-03 | എൽ.എഫ്.ടി.12-944/06/ 30.03.06 | | |
| 2003-04 | എൽ.എഫ്.ടി.12-156/06/ 14.08.06 | | |
| 2004-05 | എൽ.എഫ്.ടി.12-2853/06/ 05.12.07 | | |
| 2005-06 | എൽ.എഫ്.ടി.12-2000/08/ 08.03.10/16.4.10 | | |
| 2006-07 | എൽ.എഫ്.ടി.12-791/10/ 28.01.11 | | |
| 2007-08 | എൽ.എഫ്.ടി.12-803/10/ 28.01.11 | | |
| 2008-09 | എൽ.എഫ്.ടി.12-1776/10/ 20.04.11/02.09.11 | | |
| 2009-10 | എൽ.എഫ്.ടി.പി3-364/12/ 28.04.12 | | |
| 2010-11 | എൽ.എഫ്.ടി.പി3-365/12/ 28.04.12/ 05.07.12 | | |
| 2011-12 | എൽ.എഫ്.ടി.പി3/692/ 13/01/08/13/05.10.13 | | |
| 2012-13 | എൽ.എഫ്.ടി.പി3/2146/ 13/02.04.2014 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (പി3) 1925/14/ 13.07.15 | | |

| | | | |
|---|---|---|---|
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ പി3/349/16, 14.03.2016 | | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.3 )1929/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ- 680 020

തിയ്യതി: 29.11.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ

സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

No.KSA-TSR(P3)1929/2016

Office of the Joint Director of

Kerala State Audit Department,

District Audit Office,
Thrissur- 680 020
Dated: 29.11.2016

Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Adat Gramapanchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Adat Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur